**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2506** **02-08-2021 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020,2021 വർഷങ്ങളിൽ പരീക്ഷ ഭവൻ നടത്തുന്ന എത്ര കെ.ജി.റ്റി.ഇ പരീക്ഷകളാണ് റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;അവ ഏതെല്ലാമാണ്; ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | (എ) 2020-21 കാലയളവിൽ രണ്ടു കെ.ജി.ടി.ഇ പരീക്ഷകളാണ് നടത്തേണ്ടിയിരുന്നത്. ഡിസംബർ 2019 ലെ കെ.ജി.ടി.ഇ പരീക്ഷാ വിജ്ഞാപന പ്രകാരം പരീക്ഷ നടന്നത് 2020 ഫെബ്രുവരിയിലാണ്. ഈ പരീക്ഷയുടെ ഭാഗമായുള്ള വേഡ് പ്രോസസ്സിംഗ് പരീക്ഷ ഫെബ്രുവരി 2021-ൽ നടത്തുകയും കെ.ജി.ടി.ഇ. പരീക്ഷാഫലം ഏപ്രിൽ 2021 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ പ്രസ്തുത വർഷം ഒരു പരീക്ഷ മാത്രമേ നടത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. രണ്ടാമതൊരു പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കാത്തതിനാൽ പരീക്ഷ റദ്ദ് ചെയ്യാനുള്ള സാഹചര്യം പ്രസ്തുത വർഷം ഉണ്ടായിട്ടില്ല. |
| (ബി) | 2020,2021 വർഷങ്ങളിൽ കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംങ് , ഷോർട്ട് ഹാന്റ് പരീക്ഷകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് കാരണം വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എത്രയും വേഗം കെ.ജി.റ്റി.ഇ പരീക്ഷകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | (ബി) സെപ്റ്റംബർ 2021- ലെ കെ.ജി.ടി.ഇ. (കോമേഴ്സ്) പരീക്ഷ 29.09.2021 മുതൽ നടത്താൻ നിശ്ചയിച്ചു. 2021 സെപ്റ്റംബറിലെ കെ.ജി.ടി.ഇ. പരീക്ഷാ വിജ്ഞാപനം 26.07.2021 ന് പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പരീക്ഷാഭവൻ നടത്തുന്ന എല്ലാ കെ.ജി.റ്റി.ഇ പരീക്ഷകളും സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | (സി) പരീക്ഷാഭവൻ നടത്തുന്ന എല്ലാ കെ.ജി.ടി.ഇ പരീക്ഷകളും കോവിഡ് വ്യാപന തോതിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതായിരിക്കും |

സെക്ഷൻ ഓഫീസർ